പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ

143 (4206) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എ. എം. യൂസഫ്:
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്ത വൈദ്യുതി പ്രതിസന്ധിക്കിടയിലും സംസ്ഥാനത്ത് പവർക്കട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രവർത്തന മികവിന് വൈദ്യുതി ബോർഡിന് എന്തെല്ലാം ദേശീയാംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കേരളത്തിന് പ്രഥമ ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ടോ ; ഈ അവാർഡിന് ഏതെല്ലാം ഘടകങ്ങളാണ് പരിശോധിച്ചത് ;

(ഡി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് ദേശീയാംഗീകാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കുന്നതിന് ബോർഡ് ദീർഘകാല ഹ്രസ്വകാല അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ദീർഘകാല പദ്ധതികളിൽ നിലവിൽ നടന്നുവരുന്ന ജലവൈദ്യുതപദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 9 പദ്ധതികളിൽ നിന്നായി 196.35 MW അധികസ്ഥാപിത ശേഷി വർദ്ധിപ്പിച്ചു.

കൂടാതെ ചീമേനിയിൽ 1320 MW ന്റെ ഒരു കൽക്കരി അധിഷ്ഠിത താപനിലയവും, (1000-1200 MW)-ന്റെ പ്രകൃതിവാതക അധിഷ്ഠിത താപനിലയവും സ്ഥാപിക്കാനും ബ്രഹ്മപുരത്ത് 1026 MW-ന്റെ പ്രകൃതിവാതക അധിഷ്ഠിത താപനിലയം സ്ഥാപിക്കാൻ ലക്ഷ്യം വയ്ക്കുന്നുണ്ട്. ഹ്രസ്വകാല അടിസ്ഥാനത്തിൽ ദൃശ്യപത്രമാധ്യമങ്ങളിലൂടെ വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുകയും, സെക്ഷൻ ഓഫീസുകൾ വഴി വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അടങ്ങിയ ലഘുലേഖകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ കാര്യക്ഷമത കുറഞ്ഞ സാധാരണ ബൾബുകൾക്ക് പകരം C.F.L ബൾബുകൾ വിതരണം ചെയ്തും വൈദ്യുതി ഉപയോഗത്തിൽ കുറവുവരുത്താനുള്ള നടപടികൾ സ്വീകരിച്ചു. ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനങ്ങൾക്ക് ബോധ്യമാക്കികൊടുക്കുന്നതിനായി പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ വിവിധതരം പ്രചാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ സംഘടിപ്പിക്കുന്ന പൊതുപ്രദർശന നഗരികളിൽ വൈദ്യുതി ദുരുപയോഗം തടയേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന മോഡലുകൾ, പോസ്റ്റുകൾ തുടങ്ങിയവ പ്രദർശിപ്പിക്കുകയും ലഘു ലേഖകൾ വിതരണം ചെയ്യുകയും ചെയ്യാറുണ്ട്. ഇതിനുപുറമേ ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ആലേഖനം ചെയ്ത നെയിംസ്ലിപ്പുകൾ അച്ചടിച്ച് സ്കൂളുകളിൽ വിതരണം ചെയ്യുകപോലുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി&സി) 2006-07-ൽ KSEB രാജ്യത്തെ ഏറ്റവും നല്ല പവർ യൂട്ടിലിറ്റി ക്കുള്ള (Hon'ble Justice Sri Ahmadijury, Chairman), അവാർഡ് ലഭിക്കുക യുണ്ടായി. ഊർജ്ജമേഖലയിൽ നടപ്പാക്കുന്ന പരിഷ്ക്കാരങ്ങൾക്കുള്ളതാണ് ഈ അവാർഡ്.

ഇൻഡ്യൻ ചേമ്പർ ഓഫ് കോമേഴ്സ് ഏർപ്പെടുത്തിയ പവർ എക്സലൻസ് അവാർഡ് 2009-10 വർഷത്തിൽ KSEB നേടി. വൈദ്യുതി മേഖലയിലെ മികച്ച പ്രവർത്തനങ്ങളും, പരിഷ്ക്കാരങ്ങളും, റവന്യൂ സാങ്കേതിക രംഗങ്ങളിലെ മികവുമാണ് KSEB-യെ ഈ അവാർഡിന് അർഹമാക്കിയത്. ഊർജ്ജസംരക്ഷണത്തിനുള്ള 2008-09-ലെ അവാർഡും KSEB നേടി.

(ഡി) പബ്ലിക് സർവീസ് ഓർഗനൈസേഷന്റെ സർവീസ് ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റത്തിനുള്ള ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് I.S.I 5700/2500 പ്രകാരമുള്ള സർട്ടിഫിക്കേഷൻ (സേവോത്തര സർട്ടിഫിക്കറ്റ്) ഇൻഡ്യയിലാദ്യമായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറിന് ലഭിച്ചിട്ടുണ്ട്.

ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജ ക്രെഡിറ്റ് സംവിധാനം

144 (4207) ശ്രീ. കെ. ബാബു :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്ന തിന്റെ ഭാഗമായി ഊർജ്ജ ക്രെഡിറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഏതൊക്കെ വിഭാഗം ഉപഭോക്താക്കൾക്കാണ് ഇത്തരത്തിൽ ക്രെഡിറ്റ് ആനുകൂല്യം നൽകാൻ തീരുമാനിച്ചിട്ടുള്ളത് ;

(സി) മുൻവർഷത്തെ ശരാശരി ഉപഭോഗത്തിൽ നിന്നും കുറവുണ്ടാ കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും എന്തു തുക ക്രെഡിറ്റായി നൽകു മെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly